മലയാറ്റൂർ കുരിശുമുടിയിൽ നേച്ചർ സ്റ്റഡി സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുവാൻ നടപടി

41. [1527] ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ മലയാറ്റൂർ ഡിവിഷനിൽ ഉൾപ്പെട്ട കാലടി റെയിഞ്ചിന്റെ കീഴിലുള്ള മലയാറ്റൂർ കുരിശുമുടിയിൽ തുടങ്ങുവാൻ നിശ്ചയിച്ച നേച്ചർ സ്റ്റഡി സെന്റർ എന്ന് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കേന്ദ്രം സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിന്റെ പ്രവർത്തനത്തിനായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട് ; അവരുടെ ചുമതലകൾ എന്തെല്ലാം ;

(ഡി) ഈ കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതിന്റെ പ്രവർത്തനം 3-5-1991-ൽ ആരംഭിച്ചു.

(ബി) 3-5-1991-ൽ ഒരു കൺസർവേറ്ററുടെ കീഴിൽ നേച്ചർ സ്റ്റഡി സെന്ററിന്റെ ഓഫീസ് കാലടിയിൽ പ്രവർത്തനം ആരംഭിച്ചു. വിശദമായ പരിശോധനയ്ക്കും പഠനത്തിനും ശേഷം ഈ കേന്ദ്രത്തിൽ നടപ്പിലാക്കേണ്ട പരിപാടികളുടെ ഒരു പ്രാഥമിക റിപ്പോർട്ട് കൺസർവേറ്റർ തയ്യാറാക്കി. പൊതുജനങ്ങൾക്ക് വിജ്ഞാന വ്യാപനത്തിനായി ഒരു ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുകയും പൊതുജനങ്ങൾക്ക് ആവശ്യമുള്ള തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുകയും ചെയ്തു.

(സി) ഒരു കൺസർവേറ്റർ, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഒരു എൽ.ഡി. ക്ലാർക്ക്, ഒരു ശിപായി എന്നിവരെ നിയമിച്ചിട്ടുണ്ട്. കൂടാതെ വനം വകുപ്പിൽ നിന്നും ഒരു സീനിയർ സൂപ്രണ്ടിനെ ടി ഓഫീസിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. ഇവരുടെ മുഖ്യ ചുമതല ടി പ്രദേശത്ത് ഈ കേന്ദ്രം സ്ഥാപിച്ച് ഉദ്ദേശലക്ഷ്യങ്ങൾ നടപ്പിലാക്കുക എന്നതാണ്.

(ഡി) ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

വനം വികസന കോർപ്പറേഷന്റെ പക്കൽ ഉള്ള ഏലത്തോട്ടം

42. [1528] ശ്രീ. ടി. ചാത്തു :
,, വി. കേശവൻ :
,, ടി.കെ. ഹംസ :
,, സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വനം വികസന കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly